# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/255/2017 2017 ഡിസംബർ 4

## പത്രക്കുറിപ്പ്

**പുതുക്കിയ പരീക്ഷാതീയതി**

ഇന്ന് (ഡിസംബർ 5) ഉച്ചയ്ക്ക് 1.30 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന ഏഴാം സെമസ്റ്റർ ബി.ടെക് (പുതിയ സ്കീം) പരീക്ഷകൾ 19ന് രാവിലെ 9.30 മുതൽ 12.30 വരെയും ഡിസംബർ 8ന് നടത്താൻ നിശ്ചയിച്ചിരുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് പരീക്ഷകൾ (പുതിയതും പഴയതും സ്കീം) 20ന് രാവിലെ 9.30 മുതൽ 12.30 വരെയും നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു.

**ഒന്നാം സെമസ്റ്റർ യു.ജി. അപേക്ഷകൾ**

2013 മുതൽ 2014 വരെ അഡ്മിഷൻ ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. യു.ജി. പരീക്ഷകൾക്കുള്ള അപേക്ഷകൾ സർവ്വകലാശാലാ ഓഫീസിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്. ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (പുതിയ സ്കീം റഗുലർ - 2017 അഡ്മിഷൻ) വിദ്യാർത്ഥികളും, 2015 & 2016 അഡ്മിഷൻ വിദ്യാർത്ഥികളും അപേക്ഷകൾ കോളേജുകളിൽ നിന്നും ഓൺലൈനായി സമർപ്പിക്കണം. എല്ലാ വിദ്യാർത്ഥികളും ഫീസ് ഓൺലൈനായിത്തന്നെ അടയ്ക്കേണ്ടതാണ്.

**പി.എച്ച്.ഡി. കോഴ്സ്വർക്ക് പരീക്ഷ**

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ അംഗീകൃത ഗവേഷണ കേന്ദ്രങ്ങളിൽ ഈ വർഷം പി.എച്ച്.ഡി. കോഴ്സ് വർക്ക് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കും സപ്ലിമെന്ററി വിദ്യാർത്ഥികൾക്കുമുള്ള പുതുക്കിയ പരീക്ഷാ വിജ്ഞാപനവും ടൈംടേബിളും പ്രസിദ്ധപ്പെടുത്തി. പരീക്ഷാഫീസ് പിഴയില്ലാതെ ഡിസംബർ 11 വരെയും 50 രൂപ പിഴയോടെ 13 വരെയും 500 രൂപ പിഴയോടെ 15 വരെയും ഓൺലൈനായി സ്വീകരിക്കും. അപേക്ഷകളും ഓൺലൈനായി സമർപ്പിക്കണം. ഓൺലൈൻ അപേക്ഷയുടെയും ഫീസ് ഒടുക്കിയതിന്റെയും പ്രിന്റൗട്ടുകൾ ആവശ്യമായ രേഖകൾക്കൊപ്പം ഡിസംബർ 16ന് വൈകീട്ട് 4 മണിക്ക് മുൻപായി സർവ്വകലാശാലയിൽ സമർപ്പിക്കണം. പി.എച്ച്.ഡി. കോഴ്സ്വർക്ക് റഗുലർ (2016 രജിസ്ട്രേഷൻ) സപ്ലിമെന്ററി പരീക്ഷകൾ 2018 ജനുവരി 6, 7, തീയതികളിൽ ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ കോട്ടയം സി.എം.എസ്. കോളേജിൽ വച്ച് നടത്തും. ഇന്റേണൽ പരീക്ഷ ബന്ധപ്പെട്ട ഗവേഷണ കേന്ദ്രങ്ങളിൽ ജനുവരി 13ന് ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ നടത്തുന്നതാണ്. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**അപേക്ഷാ തീയതി**

മൂന്നാം സെമസ്റ്റർ ബി.എഡ് (സ്പെഷ്യൽ എജ്യൂക്കേഷൻ - ഇന്റലക്ചൽ ഡിസെബിലിറ്റി/ലേണിംഗ് ഡിസെബിലിറ്റി - 2016 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി (ക്രെഡിറ്റ് & സെമസ്റ്റർ) പരീക്ഷകൾ ഡിസംബർ 13 മുതൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഡിസംബർ 5 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 7 വരെയും സ്വീകരിക്കും. അപേക്ഷകർ സി.വി. ക്യാമ്പ് ഫീസായി 100 രൂപ പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

**പരീക്ഷാ തീയതി**

മൂന്നാം സെമസ്റ്റർ എം.എ., എം.സി.ജെ., എം.എസ്.ഡബ്ല്യു & എം.ടി.എ. (സി.എസ്.എസ്. - 2016 അഡ്മിഷൻ റഗുലർ/2012, 2013, 2014 & 2015 അഡ്മിഷൻ സപ്ലിമെന്ററി/മേഴ്സി ചാൻസ്), മൂന്നാം സെമസ്റ്റർ എം.എസ്.സി. (സി.എസ്.എസ്. - 2016 അഡ്മിഷൻ റഗുലർ/2013 മുതൽ അഡ്

മിഷൻ സപ്ലിമെന്ററി), മൂന്നാം സെമസ്റ്റർ എം.കോം (സി.എസ്.എസ്. - 2016 അഡ്മിഷൻ റഗുലർ/2013 അഡ്മിഷൻ - ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) എന്നീ പരീക്ഷകൾ ഡിസംബർ 13ന് ആരംഭിക്കും. പരീക്ഷ ആരംഭിച്ച് 15 ദിവസത്തിനുള്ളിൽ കോളേജുകൾ ഇന്റേണൽ മാർക്കുകൾ അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന കോളേജുകളിൽനിന്നും സർവ്വകലാശാലാ ഉത്തരവ് അനുസരിച്ചുള്ള പിഴ ഈടാക്കുന്നതാണ്.

**പ്രാക്ടിക്കൽ**

2017 ഒക്ടോബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.സി.എ./ബി.എസ്.സി. കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (യു.ജി., റഗുലർ/സപ്ലിമെന്ററി/ റീ അപ്പിയറൻസ് - 2013 മുതൽ അഡ്മിഷൻ) പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 11 മുതൽ 15 വരെ വിവിധ കോളേജുകളിൽവച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**പരീക്ഷാഫലം**

സ്കൂൾ ഓഫ് ലെറ്റേഴ്സിൽ 2017 മാർച്ച് മാസത്തിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എ. മലയാളം (റഗുലർ ആന്റ് ഇംപ്രൂവ്മെന്റ്), ഇംഗ്ലീഷ് (റഗുലർ)(സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി.

2016 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. കെമിസ്ട്രി (അനലിറ്റിക്കൽ, പോളിമർ, അപ്ലൈഡ് കെമിസ്ട്രി - ഓയിൽ, ഫാറ്റ്സ് ആന്റ് അരോമാറ്റിക്സ്, അപ്ലൈഡ് കെമിസ്ട്രി - ഫാർമസ്യൂട്ടിക്കൽസ്) ഡിഗ്രി പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 16 വരെ അപേക്ഷിക്കാം.

2017 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ഫുഡ് ആന്റ് ഇന്റസ്ട്രിയൽ മൈക്രോ ബയോളജി (പി.ജി. സി.എസ്.എസ്. - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 16 വരെ അപേക്ഷിക്കാം.

2017 നവംബറിൽ നടത്തിയ രണ്ടാംവർഷ എം.എസ്.സി. മെഡിക്കൽ അനാട്ടമി (റഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. സൂക്ഷ്മപരിശോധനയ്ക്ക് ഡിസംബർ 16 വരെ അപേക്ഷിക്കാം.

**മാഗസിൻ എഡിറ്റർ ക്യാമ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയന്റെ ആഭിമുഖ്യത്തിൽ അഫിലിയേറ്റഡ് കോളേജുകളിലെ മാഗസിൻ എഡിറ്റർമാർക്ക് വേണ്ടി ഡിസംബർ 6ന് കോട്ടയം ബസേലിയസ് കോളേജിൽവച്ച് എഡിറ്റേഴ്സ് ക്യാമ്പ് സംഘടിപ്പിക്കുന്നു. പങ്കെടുക്കുന്നവർക്കുള്ള രജിസ്ട്രേഷൻ രാവിലെ 9.30ന് ആരംഭിക്കും. എല്ലാ എഡിറ്റർമാരും ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്. വിവരങ്ങൾക്ക് ഫോൺ: 8606170434, 9497201690.

**ഇന്റർഫെയ്സ് 2017**

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന വാർഷിക മീറ്റിംഗ് 'ഇന്റർഫെയ്സ് 2017' ഡിസംബർ 8ന് രാവിലെ 9 മണിക്ക് സ്കൂൾ ഓഫ് കെമിക്കൽ സയൻസ് ഓഡിറ്റോറിയത്തിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ ഉദ്ഘാടനം ചെയ്യും. സാങ്കേതിക പ്രഭാഷണം, പേപ്പർ പ്രസന്റേഷൻ, കോഡിംഗ്, വെബ് ഡിസൈനിംഗ്, ഐടി ക്വിസ് തുടങ്ങിയവയും നടക്കും. പൂർവ്വവിദ്യാർത്ഥി സംഗമം 9ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് നടത്തുന്നതാണ്. വിവരങ്ങൾക്ക് ഫോൺ: 9995590370.

**സിൻഡിക്കേറ്റ് യോഗം**

കിഫ്ബി ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള വിവിധ പദ്ധതികളെക്കുറിച്ച് ചർച്ചചെയ്യുന്നതിനും പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനും മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കേറ്റിന്റെ അടിയന്തിരയോഗം ഡിസംബർ 7ന് രാവിലെ 10 മണിക്ക് സർവ്വകലാശാലാ ഭരണവിഭാഗത്തിലെ സിൻഡിക്കേറ്റ് ഹാളിൽവച്ച് നടത്തുന്നതാണ്.

**പഞ്ചദിന എറുഡേറ്റ് പ്രഭാഷണം ഇന്നു മുതൽ**

സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലും മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജിയും സംയുക്തമായി സംഘടിപ്പിക്കുന്ന പഞ്ചദിന എറുഡേറ്റ് പ്രഭാഷണ പരമ്പര ഡിസം

ബർ 5, 6, 8, 11, 12 തീയതികളിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് സെമിനാർ ഹാളിൽ വച്ച് നടത്തും. അമേരിക്കയിലെ നോർത്ത് കരോളിന സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ മെറ്റീരിയൽ സയൻസ് പ്രൊഫസർ ഡോ. റിച്ചാർഡ് ജെ സ്പൊന്റാക്ക് തെർമോ പ്ലാസ്റ്റിക് – 'എലാസ്റ്റോമർ ജെല്ലുകളുടെ സാദ്ധ്യതകൾ, പ്രയോജനങ്ങൾ' എന്ന വിഷയത്തിൽ ആദ്യ പ്രഭാഷണം നടത്തും. പ്രോ വൈസ് ചാൻസലർ ഡോ. സാബു തോമസ്, സെന്റർ ഡയറക്ടർ ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ നേതൃത്വം നൽകും. വിവരങ്ങൾക്ക് ഫോൺ: 9846960364.

**എം.ജി.യിൽ ത്രിദിന സ്പെക്ട്രോസ്കോപ്പി അന്തർദ്ദേശീയ ശിൽപ്പശാല ഡിസംബർ 8 മുതൽ**

മഹാത്മാഗാന്ധി സർവ്വകലാശാലാ ഇന്റർനാഷണൽ യൂണിറ്റ് ഓൺ മാക്രോ മോളിക്യുലാർ സയൻസ് ആന്റ് എഞ്ചിനീയറിംഗ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സ്പെക്ട്രോസ്കോപ്പി ത്രിദിന ശിൽപ്പശാല ഡിസംബർ 8ന് സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സംസ്ഥാന വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും. 250ലധികം ലോകപ്രശസ്ത സ്പെക്ട്രോസ്കോപ്പി വിദഗദ്ധരും ശാസ്ത്രജ്ഞരും ഗവേഷകരും പങ്കെടുക്കുന്ന കോൺഫറൻസിൽ പ്ലീനറി പ്രഭാഷണങ്ങൾ, ബ്രെയിൻ സ്റ്റോമിംഗ് സെഷനുകൾ, പോസ്റ്റർ പ്രദർശനങ്ങൾ, ഹ്യസ്വ പ്രഭാഷണങ്ങൾ എന്നിവ ഉണ്ടാകും. മികച്ച പ്രബന്ധങ്ങൾക്ക് അവാർഡ് നൽകും. പ്രോ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, ഡോ. നന്ദകുമാർ കളരിക്കൽ എന്നിവർ നേതൃത്വം നൽകും. വിവരങ്ങൾക്ക് ഇമെയിൽ: spectroscopy@macromol.in, ഫോൺ: 9447149547.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**